
# നിൽക്കൂ!

**ചിന്തിക്കൂ – “നിത്യത നിങ്ങൾ എവിടെ ചെലവഴിക്കും?”**




## ദൈവത്തിന്റെ ദാനം നിത്യജീവനാകുന്നു!

# നിങ്ങൾ അതു സ്വീകരിച്ചിട്ടുണ്ടോ?

യേശുക്രിസ്തു പറഞ്ഞു, “അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എല്ലാവരും എന്റെയടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും” (മത്തായി 11:28).


“കർത്താവിനെ കണ്ടെത്താവുന്ന സമയത്ത് അവനെ അന്വേഷിക്കുവിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിക്കുവിൻ. ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ചു കർത്താവിലേക്കു തിരിയട്ടെ; കർത്താവ് അവനോടു കരുണ കാണിക്കും; നമ്മുടെ ദൈവത്തിലേക്കു തിരിയട്ടെ; ദൈവം ധാരാളം ക്ഷമിക്കും” (യെശയ്യാവ് 55:6,7).

നമുക്കു നിത്യജീവനുണ്ടെന്ന് എങ്ങനെ ഉറപ്പുവരുത്താം?

നാലു കാര്യങ്ങൾ നാം അറിഞ്ഞിരിക്കണം:

## 1. എല്ലാവരും പാപം ചെയ്തു


"**എല്ലാവരും പാപം ചെയ്തു** ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു" (റോമർ 3:23).




പാപം:





സ്വയ(self)ത്തിനു പ്രഥമസ്ഥാനം കൊടുക്കുന്നു




ദൈവത്തിൽനിന്ന് അകന്നുപോയി




ദൈവത്തിന്റെ പൂർണ്ണമായ നിലവാരത്തിൽ നിന്നു കുറവുള്ളവരായിത്തീരുന്നു




ദൈവപ്രമാണം അനുസരിക്കാത്തതാണു പാപം – ബൈബിൾ

- ദൈവത്തിന്റെ വിശുദ്ധിയുമായി താരതമ്യപ്പെടുത്തുമ്പോൾ നാമെല്ലാവരും മഹാപാപികളാണ്.

ചോദ്യം 1: ബൈബിളിലെ ദൈവം നിങ്ങളുടെ ദൈവമാകാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?

ചോദ്യം 2: **പാപത്തെ വിട്ടു ദൈവത്തിലേക്കു വരാൻ** നിങ്ങൾക്ക് ആഗ്രഹമുണ്ടോ? (മാനസാന്തരം/ അനുതാപം)

## 2. പാപത്തിന്മേലുള്ള ശിക്ഷ മരണമാണ്

"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ" (റോമർ 6:23).

"മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഇതു രണ്ടാമത്തെ മരണം" (വെളിപ്പാട് 20:14).


**വിശദീകരണം:** നാമെല്ലാവരും പാപം ചെയ്തതു നിമിത്തം, നാമെല്ലാം **മരണ**ത്തിലേക്കും തീപ്പൊയ്കയിലേക്കുമുള്ള പാതയിലാണെന്നു ദൈവത്തിന്റെ പ്രമാണം പറയുന്നു. ഇതു മോശമായ വാർത്തയാണ്. ഞാനോ നിങ്ങളോ തീപ്പൊയ്കയിലേക്കു പോകാൻ ആഗ്രഹിക്കുന്നില്ല. അവിടെനിന്നു രക്ഷപ്പെടാൻ എന്തെങ്കിലുമൊരു വഴിയുണ്ടോ? ഉണ്ട്! യേശുക്രിസ്തുവിലൂടെ ദൈവം നമുക്കു സൗജന്യമായി നൽകുന്ന **നിത്യജീവൻ** എന്ന ദാനമുണ്ട്. അതു **സത്പ്രവൃത്തികൾ** മൂലമോ ഏതെങ്കിലും **മത**ത്തിലൂടെയോ ലഭിക്കുന്നതല്ല.

"കൃപയാലല്ലോ നിങ്ങൾ **വിശ്വാസം** മൂലം **രക്ഷിക്കപ്പെട്ടിരിക്കുന്നത്**; അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ **ദാനമത്രേയാകുന്നു**. ആരും പ്രശംസിക്കാതിരിക്കാൻ **പ്രവൃത്തികളും കാരണമല്ല**" (എഫെസ്യർ 2:8,9).

*...മരണം:*




*നമ്മുടെ ശരീരം മരിക്കുമ്പോൾ*








ദാനമെന്നതു **സൗജന്യമായ സമ്മാനമാണ്**. അതു സ്വീകരിക്കാം, അല്ലെങ്കിൽ തിരസ്കരിക്കാം. ദൈവത്തെ വ്യക്തിപരമായി ഇപ്പോൾ അറിയുകയും മരിക്കുമ്പോൾ സ്വർഗ്ഗത്തിലേക്കു പോകുകയും ചെയ്യുന്നതാണു **നിത്യജീവന്റെ** അർത്ഥം. അതുകൊണ്ട്, നാം തീപ്പൊയ്കയിൽ പോകണമെന്നു ദൈവത്തിന്റെ **നിയമം** പറയുന്നു. എന്നാൽ നാം സ്വർഗ്ഗത്തിൽ പോകണമെന്നാണു **ദൈവത്തിന്റെ സ്നേഹം** ആഗ്രഹിക്കുന്നത്. സൗജന്യമായ **പാപക്ഷമയും നിത്യജീവനും** ദൈവം എങ്ങനെയാണു നൽകിയതെന്നു ശ്രദ്ധിക്കുക.

## 3. യേശു നമ്മുടെ ശിക്ഷയെല്ലാം ഏറ്റെടുത്തു

"**ക്രിസ്തുവോ** നാം **പാപികളായിരിക്കുമ്പോൾത്തന്നെ നമുക്കുവേണ്ടി മരിക്കുകയാൽ** ദൈവം തനിക്കു നമ്മോടുള്ള **സ്നേഹത്തെ** പ്രദർശിപ്പിക്കുന്നു" (റോമർ 5:8).




യേശു **എല്ലാവരുടെയും രക്ഷകനാണ്.** അവിടുന്ന് ഇപ്പോൾ **നിങ്ങളുടെ രക്ഷകനുമായിരിക്കുന്നു.**

**ശ്രദ്ധിക്കുക:** നമ്മുടെ കഴിഞ്ഞകാല പാപങ്ങളും ഇപ്പോഴത്തെ പാപങ്ങളും ഭാവിയിലെ പാപങ്ങളും **നമ്മിൽനിന്നു** ദൈവം എടുത്തുമാറ്റിയിട്ട്, **ക്രിസ്തുവിന്റെമേൽ** അവ ചുമത്തി.

"നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ കർത്താവ് നമ്മുടെ യെല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി" (യെശയ്യാവ് 53:6).

നാം എന്നെന്നേക്കും തീപ്പൊയ്കയിൽ ശിക്ഷയനുഭവിക്കുന്നതിനു പകരം, നമ്മുടെ പാപങ്ങളുടെയെല്ലാം സമ്പൂർണ്ണമായ ശിക്ഷ യേശു ക്രൂശിന്മേൽ വഹിച്ചു.

"അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു" (യെശയ്യാവ് 53:5).

ക്രിസ്തു ഇപ്പോൾ **എല്ലാവരുടെയും രക്ഷകനാണ്** (പാപം വഹിക്കുന്നവൻ). **എല്ലാവരും** പ്രവേശിക്കുന്നതിനുവേണ്ടി സ്വർഗ്ഗത്തിലേക്കുള്ള **വാതിൽ** ഇപ്പോൾ തുറന്നിരിക്കുകയാണ്. പക്ഷേ എങ്ങനെയാണു നാം സ്വർഗ്ഗത്തിൽ പ്രവേശിക്കേണ്ടത്?

അവർക്ക്:


**4. (a) യേശുക്രിസ്തു**

- **പുത്രനായ ദൈവം (100% ദൈവവും 100% മനുഷ്യനും)**
- **നമ്മുടെ സ്ഥാനത്തു മരിച്ചു**
- **മരിച്ചവരിൽനിന്നു ശാരീരികമായി വീണ്ടും ഉയിർത്തെഴുന്നേറ്റു എന്നു വിശ്വസിക്കുകയും**

**(b) പിന്നെ യേശുക്രിസ്തുവിനെ അവരുടെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്യുക**


സൗജന്യമായ പാപക്ഷമയും നിത്യജീവനും ഇപ്പോൾത്തന്നെ നൽകിയിരിക്കുകയാണ്.

ക്രിസ്തു ക്രൂശിന്മേൽ അർപ്പിച്ച രക്തയാഗത്തെ, നിങ്ങളുടെ പാപത്തിന്റെ പൂർണ്ണമായ മുടക്കുമുതലായി ഇപ്പോൾ നിങ്ങൾ അംഗീകരിക്കുകയും നിങ്ങളുടെ സത്പ്രവൃത്തികളോ മതമോ അല്ല, ക്രിസ്തുവിനു മാത്രമേ നിങ്ങളെ രക്ഷിക്കാൻ കഴിയൂ എന്നു വിശ്വസിക്കുകയും ചെയ്യുന്നു എന്നാണ് ഇതിനർത്ഥം.










ഈ വാഗ്ദത്തങ്ങളെക്കുറിച്ചു നമുക്ക് ഉറപ്പുള്ളവരായിരിക്കാൻ കഴിയും. കാരണം അത് അവകാശപ്പെടുന്നതിനു ദൈവവചനത്തിൽ നമുക്കു നൽകിയിരിക്കുകയാണ്.

**ചോദ്യം:** ഈ വാക്യങ്ങളിൽ, നാം എന്താണു ചെയ്യേണ്ടത്? നാം എന്തായിത്തീരും?

"അവനെ **കൈക്കൊണ്ടവർക്കെല്ലാം ദൈവമക്കളാ**കാനുള്ള അധികാരം ദൈവം കൊടുത്തു" (യോഹന്നാൻ 1:12).

"കർത്താവിന്റെ നാമം **വിളിച്ചപേക്ഷിക്കുന്ന** ഏതൊരാളും **രക്ഷിക്കപ്പെടും**" (റോമർ 10:13).

"പുത്രനുള്ളവനു ജീവനുണ്ട്; ദൈവപുത്രനില്ലാത്തവനു ജീവനില്ല. ...നിങ്ങൾക്കു നിത്യജീവനുണ്ടെന്നു നിങ്ങൾ അറിയേണ്ടതിനു തന്നെ" (1 യോഹന്നാൻ 5:12,13).




യേശു പറഞ്ഞു,

"ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം കേട്ട് എന്നെ അയച്ചവനെ വിശ്വസിക്കുന്നവനു നിത്യജീവനുണ്ട്; അവൻ ന്യായവിധിയിലാകാതെ മരണത്തിൽനിന്നു നിത്യജീവനിലേക്കു കടന്നിരിക്കുന്നു" (യോഹന്നാൻ 5:24).

തിരഞ്ഞെടുപ്പു നിങ്ങളുടേതാണ്: യേശുക്രിസ്തുവിനെ നിങ്ങളുടെ രക്ഷിതാവായി സ്വീകരിച്ചുകൊണ്ടും താഴെപ്പറയുന്നതുപോലെ ദൈവത്തോടു പറഞ്ഞുകൊണ്ടും, നിത്യജീവനെന്ന ദാനം ഇപ്പോൾ അവകാശമാക്കുക:

- സർവ്വശക്തനായ ദൈവമേ, ചിന്തയിലും വാക്കിലും പ്രവൃത്തിയിലും ഞാൻ അങ്ങേയ്ക്കെതിരായി പാപം ചെയ്തിട്ടുണ്ട്. ഞാനതിൽ ദുഃഖിക്കുന്നു. എന്റെ പാപങ്ങളെല്ലാം യേശുക്രിസ്തു ക്ഷമിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.
- കർത്താവായ യേശുക്രിസ്തുവേ, അങ്ങയെ എന്റെ രക്ഷകനും ദൈവവുമായി ഞാനിപ്പോൾ സ്വീകരിക്കുന്നു. യേശുകർത്താവേ,
  - എന്റെ പാപത്തിൽനിന്നും തീപ്പൊയ്കയിൽനിന്നും എന്നെ രക്ഷിക്കണമേ
  - ഞാൻ മരിക്കുമ്പോൾ എന്നെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകണമേ
  - നിത്യജീവനെന്ന ദാനം ഇപ്പോൾത്തന്നെ എനിക്കു നൽകണമേ.
- യേശുകർത്താവേ, എന്റെ രക്ഷകനായും സ്നേഹിതനായും ദൈവമായും എന്നേക്കും വരുന്നതിന് എന്റെ ഹൃദയവാതിലും ജീവിതവും ഞാൻ അങ്ങേയ്ക്കായി തുറന്നുതരുന്നു. യേശുവിന്റെ നാമത്തിൽ, ആമേൻ.

ഒപ്പ്........................................................................................................................തീയതി.......................................

യേശു പറഞ്ഞു, "ഞാൻ അവയ്ക്കു നിത്യജീവൻ കൊടുക്കുന്നു; **അവ ഒരുനാളും നശിച്ചുപോവുകയില്ല**" (യോഹന്നാൻ 10:28).

**ചോദ്യം 1:** നിങ്ങളുടെ പാപങ്ങളിൽനിന്നു നിങ്ങളെ രക്ഷിക്കാൻ നിങ്ങൾ യേശുക്രിസ്തുവിനെ വിളിച്ചപേക്ഷിച്ചോ? നിങ്ങൾ സത്യസന്ധനാണോ? ഇപ്പോൾ നിങ്ങൾ ആരാണെന്നാണു റോമർ 10:13 ൽ ദൈവം പറയുന്നത്? എന്തിൽനിന്നാണു നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത്? ഇപ്പോൾ നിങ്ങൾ മരിച്ചാൽ, നിങ്ങൾ എവിടേക്കാണു പോകുന്നത്? എന്തുകൊണ്ട്? ഇപ്പോൾ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുകയാണ്. നിത്യജീവൻ നഷ്ടപ്പെട്ടുപോകാൻ സാദ്ധ്യതയുള്ളതാണെന്നു നിങ്ങൾ കരുതുന്നുണ്ടോ? യോഹന്നാൻ 10:28 (മുകളിൽ) കാണുക. "ഒരുനാളും" എന്നതിന്റെ അർത്ഥമെന്താണ്?

"യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9).

**ചോദ്യം 2:** ദൈവത്തെ നിങ്ങൾക്ക് എങ്ങനെ നന്നായി അറിയാൻ കഴിയും? ബൈബിൾ ദിവസവും പഠിക്കുക (1 പത്രൊസ് 2:2); ദൈവത്തോടു സംസാരിക്കുക; ബൈബിൾ പഠിപ്പിക്കുന്ന ഒരു സഭയിൽ സംബന്ധിക്കുക (എബ്രായർ 10:24,25); ക്രിസ്തുവിനു രക്ഷിക്കാൻ കഴിയുമെന്നു മറ്റുള്ളവരോടു പറയുക; സ്നാനമേൽക്കുക (അ.പ്ര. 10:47,48); നിങ്ങൾ രക്ഷിക്കപ്പെട്ടുവെന്നു മറ്റുള്ളവരോടു പറയുക (റോമർ 10:9); ക്രിസ്തുവിനെ അനുസരിച്ചു ജീവിക്കുക. യേശുക്രിസ്തുവിനെ നിങ്ങളുടെ രക്ഷിതാവായി സ്വീകരിക്കാൻ നിങ്ങൾ തീരുമാനിച്ചാൽ, വലതുവശത്തു കൊടുത്തിട്ടുള്ള മേൽവിലാസത്തിലോ ഫോൺനമ്പറിലോ എഴുതുകയോ വിളിക്കുകയോ ചെയ്യുക. അങ്ങനെ, യേശുക്രിസ്തുവിനെ കൂടുതലായി അറിയുന്നതിനു സഹായിക്കുന്ന പുസ്തകങ്ങൾ നിങ്ങൾക്ക് അയച്ചുതരുന്നതിനു ഞങ്ങൾക്കു കഴിയും.

www.answersbook.org
Contact in India: **Mount Olive Baptist Foundation**
Post Box 5, Tiruvattar - 629177, Kanyakumari Dt.,TN

Ebenezer | 0487 2361892